പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3580 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യ്ക്ക് പുതിയ ബസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

<table>
<tr><td>(എ)</td><td>ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര പുതിയ ബസുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ 101 പുതിയ ബസുകളുടെ വിവരം ചുവടെ ചേർക്കുന്നു. ഇതു കൂടാതെ 10 എ.സി. സ്കാനിയ ബസുകൾ 10 എ.സി. ഇലക്ട്രിക് ബസുകൾ എന്നിവ വെറ്റ് ലീസ് വ്യവസ്ഥയിൽ വാടകയ്ക്ക് എടുക്കുകയും ചെയ്തിട്ടുണ്ട്.
<table>
<tr><th>തീയതി</th><th>എണ്ണം</th></tr>
<tr><td>30.09.2016</td><td>1 – സി.എൻ.ജി. ബസ്</td></tr>
<tr><td>25.09.2017</td><td>20 – പൂർണ്ണ നിർമ്മിത സൂപ്പർ ഫാസ്റ്റ് പാസഞ്ചർ ബസ്</td></tr>
<tr><td>25.09.2017</td><td>80 – പൂർണ്ണ നിർമ്മിത ഫാസ്റ്റ് പാസഞ്ചർ ബസ്</td></tr>
<tr><td>ആകെ</td><td>101 ബസ്</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പുതിയ ബസുകൾ വാങ്ങിയിട്ടില്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം കൂടുതൽ പുതിയ ബസുകൾ വാങ്ങുവാൻ കഴിയുന്നില്ല.</td></tr>
<tr><td>(സി)</td><td>മതിയായ ബസുകൾ ഇല്ലാത്തതിനാൽ ദിവസവും ശരാശരി എത്ര ഷെഡ്യൂളുകളാണ് വെട്ടിക്കുറയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>ബസ്സുകൾ ലഭ്യമല്ല എന്ന കാരണത്താൽ കോർപ്പറേഷനിൽ സ്ഥിരമായി ഷെഡ്യൂളുകൾ ഒന്നും റദ്ദ് ചെയ്തിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | പുതിയ ബസുകൾ വാങ്ങുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോയെന്നും ഇത് എന്നത്തേയ്ക്ക് യഥാർത്ഥ്യമാകുമെന്നും വെളിപ്പെടുത്താമോ? | (ഡി) | പുതിയ ബസുകൾ ലഭ്യമാക്കുന്നതിന് വെറ്റ് ലീസ് അടിസ്ഥാനത്തിൽ 25 എ.സി. ബസുകളും, 250 ഇലക്ട്രിക് ബസുകൾക്കും ടെണ്ടർ നടപടികൾ നടന്നുവരികയാണ്. കിഫ്ബിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വായ്പ ഉറപ്പാക്കുകയോ ബാങ്ക് കൺസോർഷ്യത്തിൽ നിന്നും കൂടുതൽ വായ്പയെടുത്തോ പുതിയ ഡീസൽ ബസുകൾ വാങ്ങുവാനുള്ള നിർദ്ദേശം കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുണ്ട്. കൂടാതെ, അടുത്ത ബഡ്ജറ്റിൽ സർവ്വീസിനായി ഇലക്ട്രിക് / സി.എൻ.ജി. ബസുകളും ദീർഘദൂര സർവ്വീസിനായി ഡീസൽ ബസുകളും വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**